(ബി) ഉണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

നാളികേര ടെക്നോളജി മിഷൻ

*23 [460] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നാളികേര ടെക്നോളജി മിഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കേരളത്തിൽ മാത്രമായി നാളികേര ടെക്നോളജി മിഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ നാളികേരകൃഷിയുള്ള എല്ലാ സംസ്ഥാനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് നാളികേര ടെക്നോളജി മിഷൻ കേന്ദ്രസർക്കാർ 2002-03-ൽ രൂപീകരിക്കുകയും അവയിലുടെയുള്ള പദ്ധതികൾ കേരളത്തിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്.

(ബി) നാളികേര ടെക്നോളജി മിഷനിൽ നാളിതുവരെ സംസ്ഥാനത്ത് 40 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ മൊത്തം അടങ്കൽതുക 5696 ലക്ഷം രൂപയാണ്. ഈ പദ്ധതികൾക്ക് ആകെ 1366 ലക്ഷം രൂപ അനുവദിക്കുകയും, 784 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക 1-ൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മലിനീകരണം ഒഴിവാക്കാൻ നടപടി

*24 [461] ശ്രീ. വി. ഡി. സതീശൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് മലിനീകരണം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി). ഹൗസ്ബോട്ടുകൾ മുഖേന കായലുകളിലും കുട്ടനാടൻ പ്രദേശങ്ങളിലുമുണ്ടാകുന്ന മലിനീകരണം എപ്രകാരം ഒഴിവാക്കാം;

(സി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്ലീൻ ഡസ്റ്റിനേഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

† അനുബന്ധം III
† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[15-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *23(460)-ന്റെ ഉത്തരം ദയവായി കാണുക]

നാളികേര ടെക്നോളജി മിഷനിൽ അംഗീകരിച്ച പദ്ധതികൾ, അടങ്കൽ തുക, അനുവദിച്ച തുക എന്നിവയുടെ സ്റ്റേറ്റ്മെന്റ്

ക്രമ നമ്പർ	പദ്ധതിയുടെ പേര്	അടങ്കൽ തുക (ലക്ഷം രൂപ)	അനുവദിച്ച തുക (ലക്ഷം രൂപ)
(1)	(2)	(3)	(4)
I	കീട രോഗ നിയന്ത്രണം		
1	തെങ്ങുകളിൽ കാറ്റുവീഴ്ച രോഗം ഉണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ ആന്റിസിറം വൻതോതിൽ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി —സി.പി.സി.ആർ.ഐ., കായംകുളം	10.890	10.890
2	തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ കാറ്റുവീഴ്ച രോഗം നിയന്ത്രിക്കുന്നതിനുള്ള പദ്ധതി —കൃഷിവകുപ്പ്	3769.700	942.400
3	കാറ്റുവീഴ്ച ബാധിച്ച കൃഷിയിടങ്ങളിലെ ഉല്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി —സി.പി.സി.ആർ.ഐ., കായംകുളം	9.869	9.869
4	തെങ്ങിന്റെ കീടരോഗ നിയന്ത്രണത്തിന് വേണ്ടി സാങ്കേതിക വിദ്യയുടെ സുസ്ഥിര പരിപാലനത്തിനുള്ള പദ്ധതി —കേരള കാർഷിക സർവ്വകലാശാല, തൃശൂർ	40.000	25.000
5	കോഴിക്കോട് ജില്ലയിൽ കുമ്പുചീയൽ രോഗം നിയന്ത്രിക്കുന്നതിനുള്ള പദ്ധതി —കൃഷി വകുപ്പ്	6.803	1.700
6	കാറ്റുവീഴ്ച രോഗം ബാധിക്കാത്ത തെങ്ങുകളെ സർവ്വേ നടത്തി തിരിച്ചറിഞ്ഞു അവയെ പരിശോധനയ്ക്ക് വിധേയമാക്കി രോഗപ്രതിരോധ ശേഷിയുള്ള ഇനങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി —കേരള കാർഷിക സർവ്വകലാശാല, നെല്ല് ഗവേഷണസ്ഥാപനം, കായംകുളം	41.620	34.870

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
7	ചെന്നീരൊലിപ്പ്, കൊമ്പൻ ചെല്ലി, തെങ്ങോല-പുഴു എന്നിവ നിയന്ത്രിക്കുന്നതിന് ആവശ്യമായ ജൈവനിയന്ത്രണ ഏജന്റുകളെ കൂടുതൽ ഉല്പാദിപ്പിക്കുന്നതിനും അവയുടെ പ്രദർശനത്തിനും വേണ്ടിയുള്ള പദ്ധതി —സി.പി.സി.ആർ.ഐ., കായംകുളം	19.750	19.750
8	കാറ്റുവീഴ്ച രോഗം കൂടുതൽ ബാധിച്ച പ്രദേശങ്ങളിൽ സംയോജിത കീടരോഗ പരിപാലനത്തിനുവേണ്ടി മാതൃകാ തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി —സി.പി.സി.ആർ.ഐ., കായംകുളം	20.000	20.000
II	ഉല്പന്ന വൈവിധ്യവത്കരണം		
9	വെളിച്ചെണ്ണ മോട്ടോർ വാഹനങ്ങളിൽ ലൂബ്രിക്കന്റായി ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതി —കൊച്ചി സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)	9.920	9.920
10	മൂല്യവർദ്ധിത കേര ഉല്പന്നമായ കേരസ്യം വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതി —സേവാശ്രം, അങ്കമാലി	58.500	14.625
11	സംയോജിത നാളികേര സംസ്കരണ സമുച്ചയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി —കല്ലംകുന്ന് സർവ്വീസ് സഹകരണ ബാങ്ക്, തൃശൂർ	160.000	27.460
12	സംയോജിത നാളികേര സംസ്കരണ സമുച്ചയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി —കാറളം സർവ്വീസ് സഹകരണ ബാങ്ക്, തൃശൂർ	150.000	25.134

2/676/2012—56.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
13	നാളികേര സംസ്കരണ യൂണിറ്റുകളെ കുറിച്ചുള്ള സാങ്കേതികവിദ്യ പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതി —നെയ്യാറ്റിൻകര പരമ്പരാഗത എണ്ണയാട്ട് തൊഴിലാളി സഹകരണ സംഘം, തിരുവനന്തപുരം	5.300	5.000
14	ഡെസിക്കേറ്റഡ് കോക്കനട്ട് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി —അമൃത കോക്കനട്ട് പ്രൊഡക്ട്സ്, മാടവന, കൊടുങ്ങല്ലൂർ	29.600	7.400
15	നാളികേരം ഉണക്കുന്നതിന് ഡ്രയറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി —കേരഫെഡ്, തിരുവനന്തപുരം	34.560	34.560
16	കരിക്കിൻ വെള്ളം കേട് കൂടാതെ സൂക്ഷിക്കുന്നതിനുള്ള പദ്ധതി —ചൈതന്യ ഫുഡ് പ്രൊഡക്ട്സ്, കണ്ണൂർ	30.000	7.500
17	നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി —കേരള ശ്രീലക്ഷ്മി കോക്കനട്ട് കോംപ്ലക്സ്, ആറാട്ടുപ്പുഴ, തൃശൂർ	47.000	10.937
18	സംയോജിത നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി —ബെൻസി ഫുഡ് & ബിവറേജസ് ലിമിറ്റഡ്, പൊന്നാനി മലപ്പുറം	235.000	41.750
19	വെളിച്ചെണ്ണ വ്യവസായിക ലൂബ്രിക്കന്റായി അടിസ്ഥാന ഘടകമാക്കാനുള്ള പദ്ധതി —കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)	14.620	14.620
20	നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി —ഉറംഗാട്ടിരി സർവ്വീസ് സഹകരണ ബാങ്ക്, മലപ്പുറം	56.240	3.000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
21	പ്രീമിയം ഗ്രേഡ് കൊപ്ര ഉല്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി —പീകേ ട്രേഡേഴ്സ്, എറണാകുളം	10.600	1.259
22	നാളികേര ചിപ്സ്, നാളികേര വിന്നിഗർ, നാളികേര തേൻ, മറ്റ് സൗകര്യപ്രദമായ ഉല്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി —ചിന്നു പ്രൊഡക്ട്സ്, തൃശൂർ	10.000	1.850
23	നാളികേര പിച്സ്, വിന്നിഗർ, ഔഷധ ഗുണമുള്ള വെളിച്ചെണ്ണ, അരിച്ചെടുത്ത വെളിച്ചെണ്ണ എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി —കുണ്ടൂർ കോക്കനട്ട്സ്, പ്രൈവറ്റ് ലിമിറ്റഡ് തൃശൂർ	19.880	4.890
24	കോക്കനട്ട് വിന്നിഗർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി —പ്രക്രാന്തി എന്റർപ്രൈസസ്, ആടുവാശ്ശേരി, എറണാകുളം	8.000	1.250
III	വിപണന ഗവേഷണവും വിപണന പ്രോത്സാഹനവും		
25	ഇളനീർ കോൺസന്ട്രേറ്റ് വിപണനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പദ്ധതി —മിറക്കിൾ ഫുഡ് പ്രോസസ്സിംഗ് ഇന്റർനാഷണൽ ലിമിറ്റഡ്, പെരിന്തൽമണ്ണ	9.950	4.975
26	നാളികേര ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനു പദ്ധതി —മലനാട് കർഷക ഉല്പാദക സഹകരണ സംഘം, തിരുവമ്പാടി	21.150	12.900
27	നാളികേര ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി —കേരഫെഡ്, തിരുവനന്തപുരം	35.00	25.00

2/676/2012—56a.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
28	ഔഷധഗുണമുള്ള എണ്ണയുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി —മാർകോ ഫാർമാ, കോട്ടയം	7.800	1.500
29	നാളികേര ബിസ്കറ്റിന്റെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി —ലാപ്റ്റ കോക്കനട്ട് പ്രൊഡക്ട്സ്, കോഴിക്കോട്	5.000	1.000
30	രണ്ട് സ്ട്രോക്ക് മോട്ടോർ വാഹന എഞ്ചിൻ ഓയിലായി വെളിച്ചെണ്ണ വിപണനത്തിനുള്ള പദ്ധതി —കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)	8.300	8.300
31	നാളികേര ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി —കേര പ്രൊഡക്ട്സ്, കഞ്ചിക്കോട്, പാലക്കാട്	26.500	10.000
32	വെളിച്ചെണ്ണ അടിസ്ഥാനമാക്കിയുള്ള ആയുർവ്വേദ ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി —വാസുദേവവിലാസം ഹെർബ്ബൽ റെമഡീസ്, തിരുവനന്തപുരം	18.540	9.270
33	നാളികേര ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള പദ്ധതി —ചേറ്റൂർ അഗ്രോ പ്രൊഡക്ട്സ്, മൂവാറ്റുപുഴ	2.000	1.000
34	വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി —ബി. കെ. പി. ഇൻഡസ്ട്രീസ്, തൃപ്പൂണിത്തുറ	4.450	2.250

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
35	നാളികേര ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കുള്ള പദ്ധതി —കർഷകബന്ധു, അഗ്രിടെക് ഇന്ത്യ ലിമിറ്റഡ്, കുളത്തൂർ, കാസർഗോഡ്	12.000	1.250
36	നാളികേര ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി —മഹാറാണി പ്രൊഡക്ട്സ്, ഇരിങ്ങല്ലൂർ, കോഴിക്കോട്	5.000	0.750
37	നാളികേര ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി —ഗ്രീൻ ഇൻഡസ് ഗ്രൂപ്പ്, മതിലകം, തൃശൂർ	10.600	1.500
38	നാളികേര ഉല്പന്നങ്ങളെ ആസ്പദമാക്കി ടി. വി. ഫിലിം നിർമ്മിക്കുന്നതിനുള്ള പദ്ധതി —മിറക്കിൾ ഫുഡ് പ്രൊഡക്ട്സ് ഇന്റർ നാഷണൽ ലിമിറ്റഡ്, പെരിന്തൽമണ്ണ	7.550	2.500
39	വെളിച്ചെണ്ണ ഒഴികെയുള്ള ഭക്ഷ്യ എണ്ണകളുടെ ഇന്ത്യയിലെ കയറ്റിറക്കുമതിയെ കുറിച്ച് പഠിക്കുന്നതിനുള്ള പദ്ധതി —പഠന വികസന കേന്ദ്രം, തിരുവനന്തപുരം (സി. ഡി. എസ്.)	3.200	3.200
40	വെളിച്ചെണ്ണയുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ നവീകരണ പദ്ധതി —കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ	29.500	5.000

LIBRARY ARCHIVES Kerala Legislative Assembly